# THE CHURCH WEEKLY

ചർച്ചുവീക്കിലി ഒററപ്രതി 13 ന: പൈസ

വാല്യം XI 1957 ജൂൺ 23 ലക്കം 23


## ശാസ്ത്രത്തിന്റെ പരിമിതികൾ

(ടി. പോൾ വറുഗീസ് ബി. എ. ബി, ഡി)

II

യാദൃച്ഛികത്വം. ശാസ്ത്രത്തിന്റെ മൂന്നാമത്തെ പ്രധാന പരിമിതി, അതു് യാദൃച്ഛികത്വത്തെയാണു് ആശ്രയിച്ചിരിക്കുന്നതെന്നുള്ളതാണു്. പ്രപഞ്ചത്തിന്റെ അടിത്തറയിൽ "പരിപൂർണ്ണമായ അരാജകത്വം"(perfect disorder) ആണുള്ളതെന്നും അതിനെ നിയന്ത്രിക്കുന്ന നിയമങ്ങളൊന്നുമില്ലെന്നും ഉള്ള hypothesis ന്മേലാണു് ശാസ്ത്രം നിലനിൽക്കുന്നതെന്നു് പറഞ്ഞാൽ ശാസ്ത്രകാരന്മാർക്കു് കോപം ഉണ്ടായേക്കാം. പ്രകൃതി നിയമാനുസാരിയാണെന്നും അതുകൊണ്ടാണു് പ്രകൃതിനിയമങ്ങളെ പഠിയ്ക്കുവാൻ നമുക്കു സംധിക്കുന്നതെന്നും ആയിരിക്കും ശാസ്ത്രീയവിദ്യാർത്ഥിയുടെ സമാധാനം.

എന്നാൽ പ്രകൃതി അരാജകത്വത്തിന്റെ കേളീരംഗമാണെന്നും, അതിൽ വ്യവസ്ഥിതിയുടെലക്ഷണങ്ങളുണ്ടായിത്തീരുന്നതു് നമ്മുടെ നിരീക്ഷണത്തോതിന്റെ പ്രത്യേകതകൊണ്ടാണെന്നുമുള്ളതാണു് പരമാർത്ഥം.

ഈ അരാജകത്വത്തിൽ പരിപൂർണ്ണമായ യാദൃച്ഛികത്വമുണ്ടെന്നും അതുകൊണ്ടു് മാത്രമാണു് statistical ആയിട്ടുള്ള ചില നിയമങ്ങളെ ആവിഷ്കരിക്കുന്നതിനും ആ നിയമങ്ങളുടെ അടിസ്ഥാനത്തിൽ ഭാവിയെ നിയന്ത്രിക്കുന്നതിനും സാധിക്കുന്നതെന്നും ഇയ്യിടെയായി ലെക്കോണ്ടു് ഡ്യൂനൂയ്(Lecomte Dunouy) എന്ന ജീവശാസ്ത്രജ്ഞൻ തെളിയിച്ചിട്ടുണ്ടു്. (Human Destiny signet Edition. P. 30. ff.)

ഒരുദാഹരണം: വാതകങ്ങളുടെ സമ്മർദ്ദത്തെപ്പററി ശാസ്ത്രവിദ്യാർത്ഥികൾക്കു് ജ്ഞാനമുണ്ടു്. എന്താണു് വാതകമെന്നു് പറയുന്നതു്? അനുസ്യൂതമായിസ്വച്ഛന്ദം വിഹരിക്കുന്ന കുറെ കണിക (molecule) കളെ കൊണ്ടാണതു് ആവിഷ്കൃതമായിട്ടുള്ളതു്. (a gas is constituted of free molecules in perpetual motion) ഈ കണികകൾ മേലോട്ടും കീഴോട്ടും തെക്കോട്ടും വടക്കോട്ടുമൊക്കെ ഓടിനടന്നു് അന്യോന്യം മർദ്ദിക്കുന്ന കൂട്ടത്തിൽ, ആ വാതകത്തെ ഉൾക്കൊള്ളുന്ന പാത്രത്തിന്റെ എല്ലാ വശങ്ങളിലും ചെന്നിടിക്കുന്നതിനെയാണു് വാതകത്തിന്റെ "സമ്മർദ്ദം"(pressure) എന്നു നാം നാമകരണംചെയ്യുന്നതു്. എല്ലാ കണികകളുടേയും യാത്രാശക്തിയുടെ ആകെത്തുകയാണു് ഈ സമ്മർദ്ദത്തിന്റെ ശക്തി.

എന്നാൽ സാധാരണയായി ഈ സമ്മർദ്ദം ഓരോ സെക്കണ്ടിലും ഓരോ ചതുരശ്ര ഇഞ്ചിലും ഏകദേശം സമമായിരിക്കും. കുറെ അധികം കണികകൾ തെക്കോട്ടുപോയിയെന്നോ കുറെ കുറച്ചേ പടിഞ്ഞാറോട്ടു് പോയുള്ളു എന്നോ സാധാരണയായി അനുഭവപ്പെടുന്നില്ല. എന്നാൽ തെക്കുവശത്തും വടക്കുവശത്തും ഇടിക്കുന്നതു് കൃത്യം സമമാണെന്നും നമുക്കനുഭവപ്പെടുന്നില്ല. പക്ഷെ രണ്ടു പ്രത്യേകസ്ഥാനങ്ങളിലുള്ള സമ്മർദ്ദങ്ങൾ തമ്മിലുള്ള വ്യത്യാസം അതിസൂക്ഷ്മമാകയാൽ നമ്മുടെ മാത്രോപകരണങ്ങൾ ആ വ്യത്യാസത്തെ കണ്ടുപിടിക്കുന്നില്ലെന്നു മാത്രം.

സാധാരണ barometric pressure ഉള്ളപ്പോൾ 32 ഡിഗ്രി ഫാറൻഹൈററു് ഉഷ്ണമുള്ള ഒരു ക്യൂബിക്കു സെൻറിമീററർ സ്ഥലത്തു് ഒരു വാതകത്തിൽ 30,000,000,000,000,000,000 (3ലക്ഷം കോടി കോടി) കണികകൾ ഉണ്ടു്. ഇവയുടെയെല്ലാംകൂടെ സമ്മർദ്ദശക്തി 2.2 റാത്തലേ വരുന്നുള്ളു. അപ്പോൾ ഓരോ കണികയുടേയും ശക്തി ഭാവനാതീതമാംവിധം സൂക്ഷ്മമാണല്ലൊ. ഈ 3ലക്ഷം കോടികോടിയിൽ 100-ാമോ പതിനായിരമോ കൂടിയോ കുറഞ്ഞോ ഇരുന്നാൽത്തന്നെയും നമ്മുടെ മാത്രോപകരണങ്ങൾക്കു് ആ വ്യത്യാസം കണ്ടുപിടിക്കുവാൻ സാധിക്കുകയില്ലെന്നും വ്യക്തമാണു്. ഈ 3ലക്ഷം കോടികോടിയെന്നുള്ളതു് ഒരു "കൊട്ട കണക്കാ"ണു്. എന്നാൽ അവയുടെതന്നെയും സമ്മർദ്ദശക്തിയുടെ ആകത്തുക സൂക്ഷ്മമായി അറിയണമെങ്കിൽ, ഓരോ കണികയുടേയും പരസ്പരസമ്മർദ്ദത്തിന്റെ ഫലങ്ങളെ കണക്കുകൂട്ടുവാൻ, ഓരോ ഇക്വേഷനിലും 3 ലക്ഷം കോടികോടി terms ഉള്ള 3 ലക്ഷം കോടികോടി differential equations ഉണ്ടാക്കി അവയുടെ ആകെത്തുക കാണണം. ഓരോ കണികയുടേയും കണക്കെടുക്കുന്നതിനു് ഒരു സെക്കണ്ടു് വീതം മതിയായിരുന്നാൽപ്പോലും ഈ കണക്കു് ചെയ്തുതീർക്കുന്നതിനു് 2000 കോടി ആയുഷ്കാലങ്ങൾ വേണമെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്. അതായതു് ഇന്നു് ലോകത്തിലുള്ള എല്ലാവർക്കും advanced mathematics അറിയാമായിരുന്നെങ്കിൽ, അവർ ആയുഷ്കാലം മുഴുവൻ ഈ കണക്കു ചെയ്യുവാൻ വേണ്ടി

M. RegNo. 5268. Licence No. 498:

# ചർച്ച് വീക്കിലി

The Ascension was the joyful homecoming of the Son to His Father's house, the triumphant return of the conqueror, and this was the reason for the disciples' joy, and for their being daily in the temple praising God. The suffering and the pain of Christ's earthly life had thereby its final triumph, yet it marks the beginning of a new and spiritual reign until the powers of evil are finally destroyed and overcome on earth. Withdrawn He is from human sight, but He is constantly present and active through His Spirit in the lives of men, for He has gone to prepare a place for us, that where He is, there we may be also.

**True Glory**

The aged seer who gave to us the Book of the Revelation, saw the heavens opened, and the majesty of God's glory, and servants of God about His throne who rest not from His service (Revelation 7·15). And their praise is centred in the Risen, Glorified and Ascended Christ depicted still as the Lamb that has been slain.

So the glory of God, in all its unapproachable light, shines through the incarnate Son, Who retains for ever the marks of sacrificial love and, His dying for ever the marks of sacrificial love, and His praying for us men and for our salvation.

How this changes all the standards which men value! It is not the glory of gold that glitters and perishes, nor is it the pale loveless Absolute of the philosopher. It is the love of a Father that waits for the return of His erring children; it is the love which stoops to sind and heal the wounds of those who fall by the way, and so we must trace this path of glory upwards from Jesus, Who taught the parables of the Prodigal Son, and the Good Samaritan, and watch His every act through his days of suffering, which were nevertheless steps in the way of glory.

On the very night before He suffered crucifixion we are told that, 'Jesus Knowing that the Father had put all things into His hand, and that He had come forth from God and was going to God, rose from the table, and took a towel .. and began to wash the disciples' feet.

This is the Lord who promises His presence to followers; it is He Who now guides us with His counsel, and will afterwards receive us with glory.

(Epiphany)

---

(10–ാംപേജിൽനിന്നു തുടർച്ച)

ഗിത്തം ഇപ്പോൾ സഭാംഗങ്ങൾക്കു് ആരാധനകളിൽ ക്രമമായി സംബന്ധിക്കുവാനോ വി. കൂദാശകളിൽ പങ്കുകൊള്ളുവാനോ സൗകര്യമില്ലാതെയാണു കഴിയുന്നതു്. ഈ സ്ഥലങ്ങളിലുള്ള ഏതെങ്കിലും കോളജിൽ പഠിച്ചു് പോസ്റ്റ്ഗ്രാഡ്വേറ്റു് കോഴ്സ് പൂർത്തിയാക്കുവാൻ ആഗ്രഹിക്കുന്ന യുവവൈദികർ ആരെങ്കിലും ഉണ്ടെങ്കിൽ അവർക്കു തങ്ങളുടെ അഭ്യസനം നടത്തുന്നതോടൊപ്പം സഭാംഗങ്ങൾക്കു അമൂല്യമായ സേവനം അനുഷ്ഠിക്കുന്നതിനും സൗകര്യം ലഭിക്കുന്നതാണു്. അതുകൊണ്ടു പ്രസ്തുതകാര്യത്തിൽ താല്പര്യമുള്ള യുവവൈദികർ വിവരം കാണിച്ചു് താഴെ കാണുന്ന മേൽവിലാസത്തിൽ എഴുതുന്നതു് സഹായകമായിരിക്കും.

Fr. C. E. George
14. Bangaloor Road
Vellore. N. A.

**ശ്രീ ടി. സി. ഉമ്മൻ**

ഓർത്തഡോക്സ് യുവജനസമാജം സെക്രട്ടറിയായിരുന്ന ശ്രീ. ടി. സി. ഉമ്മൻ ബി. എ. ബി. ഡി. ഇവാൻസ്റ്റണിലെ (അമേരിക്ക) സീബറി വെസ്റ്റേൺ തിയോളജിക്കൽ സിമ്മനാരിയിൽ (എപ്പിസ്കോപ്പൽ) നിന്നും എസ്. ടി. എം. ബിരുദം നേടിയിരിക്കുന്നു. മി. ഉമ്മൻ അടുത്ത സെപ്റ്റംബർ മാസത്തിൽ തിരിച്ചെത്തും.




ട്രാവൻകൂർ ഫോർവ്വേഡ് ബാങ്ക് (ക്ലിപ്തം)

ഹെഡ് ആഫീസ്: കോട്ടയം

| | |
|---|---|
| അധികൃതമൂലധനം | രൂ 50,00,000 |
| വസൂൽത്ത മൂലധനം | രൂ 25,00 000 |
| നിക്ഷിപ്തമൂലധനം | രൂ 15,00,000 |
| കരുതൽധനം | രൂ 7,88,000 |
| പ്രവർത്തനമൂലധം | രൂ 4,91,12,000 |

[31-12-56]

ശരിയായ ഈടിന്മേൽ കുറഞ്ഞ കാലത്തേക്കു വായ്പ ആവശ്യമുള്ളവർ ഞങ്ങളുടെ 47 ശാഖകളിൽ ഏതിനെയെങ്കിലും സമീപിക്കുക. ബാങ്കിംഗ്സംബന്ധമായ എല്ലാപ്രവർത്തനങ്ങളും നടത്തിവരുന്നു

Look forward and bank
With Forward Bank.

എം. സി. മാത്യു
മാനേജിംഗ് ഡയറക്ടർ


Printed and Published by N. M. Abraham B. A. at the Malayala Manorama Press, Kottayam.